(ബി) ഇതുവരെ അറിവായിട്ടില്ല.

(സി) ആരേയും അറസ്റ്റു ചെയ്തിട്ടില്ല.

(ഡി) കേസ്സന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) എറണാകുളം ക്രൈംബ്രാഞ്ച് ഡി. വൈ. എസ്. പി. യെയാണ് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

കട്ടപ്പന പോലീസ് ലോക്കപ്പിൽവച്ചുണ്ടായ മരണം

648 [940] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പനയ്ക്കടുത്ത വെള്ളയടംകുടി എന്ന സ്ഥലത്തെ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി അനുഭാവിയായ ചിട്ടനെന്നു വിളിക്കപ്പെടുന്ന ഔസേപ്പച്ചൻ കട്ടപ്പന പോലീസ് ലോക്കപ്പിൽവെച്ച് 1978 നവംബർ 18 ന് മർദ്ദനമേറ്റു മരണമടഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ആരാണ് അന്വേഷിച്ചത്;

(ഡി) അന്വേഷണവിവരം എന്ത്;

(ഇ) ഇതുമായി ബന്ധപ്പെടുന്ന ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരുടെ പേരിൽ എന്തു നടപടി?

ഉത്തരം

(എ) 18.11.1978 ന് കട്ടപ്പന ഗവൺമെന്റ് ആശുപത്രിയിൽ വച്ചാണ് ചിട്ടൻ മരണമടഞ്ഞത്. അന്വേഷണത്തിൽ പോലീസ് മർദ്ദന മൂലമല്ല അയാൾ മരിച്ചതെന്ന് തെളിഞ്ഞിട്ടുണ്ട്.

(ബി, സി) പ്രസ്തുത സംഭവത്തെക്കുറിച്ച് നെടുംകണ്ടം സർക്കിൾ ഇൻസ്പെക്ടറും പിന്നീട് ഇടുക്കി ക്രൈം ഡിറ്റാച്ച്മെന്റ് ഡി. വൈ. എസ്. പി. യും അന്വേഷണം നടത്തി.

(ഡി) 18.11.1978 ഉച്ച കഴിഞ്ഞ് 2.45 ന് കട്ടപ്പന ബസാറിൽ ചിട്ടൻ എന്നു വിളിക്കപ്പെടുന്ന ജോസഫ് (കോടാലൂർ കൽക്കുന്നൽ വില്ലേജ് കോട്ടാതി പടവ്) എന്നയാൾ മദ്യപിച്ച് ബഹളമുണ്ടാക്കുന്നതായികണ്ട ഒരു പോലീസുകാരൻ ടിയാനെ കട്ടപ്പന പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവന്നു. ദേഹപരിശോധനനടത്തിയതിൽ 'കഫിക്സ് പോസ്' എന്നു പേരുള്ള 8 ഗുളിക അടങ്ങിയ ഒരു ട്യൂബ് അയാളുടെകൈവശം

LIBRARY ARCHIVES Kerala Legislative Assembly

കാണപ്പെട്ടു. അതിൽ, 2 ഗുളികകൾ താൻ കഴിച്ചിട്ടുള്ളതായി അയാൾ പറഞ്ഞു. ഉടൻ തന്നെ അയാളെ കട്ടപ്പന ആശുപത്രിയിൽ എത്തിച്ചു 3.05 പി. എം. ന് ആശുപത്രിയിൽ എത്തിയ ടിയാൻ 4.15 നു മരണമടഞ്ഞു.

വിവരമറിഞ്ഞു നെടുംകണ്ടം സർക്കിൾ ഇൻസ്പെക്ടർ കട്ടപ്പന പോലീസ് സ്റ്റേഷനിൽ എത്തി. ക്രൈം നമ്പർ 214/78 അണ്ടർ സെക്ഷൻ 'അൺനാച്ചുറൽ ഡെത്ത്' എന്ന ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ഇടുക്കി അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിനെക്കൊണ്ട് മൃതദേഹം ഇൻക്വസ്റ്റു നടത്തിക്കുകയും ചെയ്തു. കോട്ടയം മെഡിക്കൽ കോളേജ് ഫോറൻസിക് പ്രൊഫസർ അഭിപ്രായപ്പെട്ടിട്ടുള്ളത് വിഷം കഴിച്ചതുമൂലം മരണം സംഭവിച്ചു എന്നാണ്.

(ഇ, എഫ്) വിഷം കഴിച്ചുള്ള ആത്മഹത്യയാണെന്ന് തെളിഞ്ഞതുകൊണ്ട് ആരുടേയും പേരിൽ നടപടി എടുത്തിട്ടില്ല.

ശൂരനാട് പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതികൾ

649 [941] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശൂരനാട് പോലീസ് സ്റ്റേഷനിൽ 1978 ജനുവരി ഒന്നിനു ശേഷം മർദ്ദനത്തിനു വിധേയരായ ഹരിജനങ്ങളുടെ എത്ര പരാതികൾ ലഭിച്ചു;

(ബി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഹരിജനങ്ങളോടും അതുപോലെ പാവപ്പെട്ട ആളുകളോടും നീതിപൂർവ്വകമായല്ല ശൂരനാട് പോലീസ് സ്റ്റേഷനിലെ ഭൂരിപക്ഷ ഉദ്യോഗസ്ഥൻമാരും പെരുമാറുന്നതെന്ന് തെളിവുകൾ സഹിതം ഹാജരാക്കിയാൽ അവർക്കെതിരെ കർശനമായ ശിക്ഷണനടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) 1978 ൽ 29.
1979 ൽ 4.

(ബി) 1978 ൽ ആറും (6) 1979 ൽ രണ്ടും (2) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1978 ലെ നാലും 1979 ലെ ഒന്നും കേസ് കോടതിയിൽ വിചാരണയിലാണ്.

(സി) തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly